# തിരുവിതാംകൂർ ദേവസ്വം ബോർഡ്

culturaldirectortdb@gmail.com

നം.100/24/സിഎ 2

ഡയറക്ടറാഫീസ്,
സാംസ്കാരിക-പുരാവസ്തു വകുപ്പ്
തിരുവനന്തപുരം 19..03.2025

## സർക്കുലർ

വിഷയം: 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ജീവനക്കാരുടെ മക്കൾക്ക് ഉന്നത വിജയത്തിന് പ്രോത്സാഹന സമ്മാനം നൽകുന്നത് സംബന്ധിച്ച്.

സൂചന:
1. ദേവസ്വം ബോർഡാഫീസിലെ 21.08.2024-ലെ ആർ.ഒ.സി. 66/24/എസ്റ്റ. 1 നമ്പർ ഉത്തരവ്.
2. ബഹു. ദേവസ്വം ബോർഡ് പ്രസിഡന്റിന്റെ 19.03.2025-ലെ മുഖദാവിലുള്ള ഉത്തരവ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ജീവനക്കാരുടെ മക്കൾക്ക് ഉന്നത വിജയത്തിന് പ്രോത്സാഹന സമ്മാനം നൽകുന്നതിന് സൂചന (1) പ്രകാരം ഉത്തരവായിട്ടുണ്ട്. ആയതിന്റെ പകർപ്പ് ഇതോടൊപ്പം ചേർക്കുന്നു. ടി ഉത്തരവ് അനുസരിച്ച് തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള എല്ലാ ആഫീസിലെയും ജീവനക്കാരിൽ നിന്നും ഉത്തരവിൽ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ ലഭ്യമാക്കി അടിയന്തിരത്തിൽ **24.03.2025-**ന് മുൻപ് ഈ ആഫീസിൽ വിവരം നേരിട്ടോ ഇ-മെയിൽ മുഖാന്തിരമോ ലഭ്യമാക്കേണ്ടതാണെന്നുള്ള വിവരം അറിയിക്കുന്നു.

**Mail Id: culturaldirectortdb@gmail.com**

19/3/2025

ഡയറക്ടർ

സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ഫോൺ നം: 0471 2317983 ഇ-മെയിൽ : secretarytdbtvm@gmail.com

ദേവസ്വം ബോർഡ് ആഫീസ്
തിരുവനന്തപുരം

21/08/2024

ROC No. 66/24/Est-1

ഡയറക്ടർ,
സാംസ്ക്കാരിക പുരാവസ്തു വിഭാഗം

വിഷയം :- 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ജീവനക്കാരുടെ മക്കൾക്ക് ഉന്നത വിജയത്തിന് പ്രോത്സാഹന സമ്മാനം നൽകുന്നത് സംബന്ധിച്ച്.

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ബോർഡിലെ ജീവനക്കാരുടെ മക്കൾക്ക് ഉന്നത വിജയത്തിന് പ്രോത്സാഹന സമ്മാനം നൽകുന്നതിന് തീരുമാനിച്ച് തുക വകയിരുത്തിയിട്ടുളളതാണ്.

അതനുസരിച്ച് ബോർഡിലെ എല്ലാ വിഭാഗം ജീവനക്കാരിൽ നിന്നും ചുവടെ ചേർത്തിട്ടുളള വിവരങ്ങൾ ലഭ്യമാക്കി ബോർഡിൽ സമർപ്പിക്കുന്നതിന് താങ്കളെ ചുമതലപ്പെടുത്തി ബോർഡുത്തരവായ വിവരം അറിയിക്കുന്നു. .

1) 2023-24 വർഷം പത്താം ക്ലാസ്സ് :

SSLC - Full A+
CBSE - 95 %
ICSE - 95 % മാർക്ക് വാങ്ങി വിജയിച്ചവർ

2) 2023-24 വർഷം പ്ലസ്ടു :

State Syllabus - Full A+
CBSE - 95 %
ICSE - 95 % മാർക്ക് വാങ്ങി വിജയിച്ചവർ

3) 2023-24 വർഷം ഡിഗ്രി

1st, 2nd & 3rd rank

(മറുപുറം)

4) 2023-24 വർഷം പോസ്റ്റ് ഗ്രാഡുവേഷൻ

1st, 2nd & 3rd rank

5) Professional Cousrses

NEET/KEAM
Entrance - 500 നകം റാങ്ക് ലഭിച്ചവർ

6) സിവിൽ സർവ്വീസ് – റാങ്ക് നേടിയവർ (ആയിരത്തിനകത്ത്)

7) സംസ്ഥാന/അന്തർ സംസ്ഥാന
കലാ-കായിക മത്സരങ്ങൾ – 1st, 2nd, 3rd സ്ഥാനം ലഭിച്ചവർ

മേൽ പ്രകാരമുള്ള വിവരങ്ങൾ 7 ദിവസത്തിനകം സാംസ്ക്കാരിക പുരാവസ്തു വിഭാഗം ഡയറക്ടർക്ക് സമർപ്പിക്കുന്നതിന് ജീവനക്കാരുടെ ശ്രദ്ധയിൽപ്പെടുത്തി എല്ലാ വകുപ്പ് മേധാവികൾക്കും നിർദ്ദേശം നൽകേണ്ടതാണ്.

ആയതിനുള്ള സർക്കുലർ സാംസ്ക്കാരിക പുരാവസ്തു വിഭാഗം ഡയറക്ടർ പുറപ്പെടുവിക്കേണ്ടതും ഇപ്രകാരം ലഭിക്കുന്ന വിവരങ്ങൾ ക്രോഡീകരിച്ച് ബോർഡിൽ 31-08-2024 ന് മുൻപ് ബോർഡിൽ സമർപ്പിക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ

(ഒപ്പ്)
സെക്രട്ടറി

അംഗീകാരത്തോടെ

അസിസ്റ്റന്റ് സെക്രട്ടറി
SK

10/11
12/11/24

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ജീവനക്കാരുടെ മക്കൾക്ക് ഉന്നത വിജയത്തിന് പ്രോത്സാഹന സമ്മാനം നൽകുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: ROC No. 66/24/Est-I നന്തൻകോട്, 06/11/2024

---

പരാമർശം :- (1) ഈ ആഫീസിലെ 21-08-2024 ലെ മേൽ നമ്പർ ഉത്തരവ്.

(2) ആ ആഫീസിലെ 15-10-2024 ലെ 80/24/CA-1 നമ്പർ കത്ത്.

## ഉത്തരവ്

പരാമർശം (1) ഉത്തരവുപ്രകാരം സംസ്ഥാന/അന്തർ സംസ്ഥാന കലാ-കായിക മത്സരങ്ങളിൽ 1, 2, 3 സ്ഥാനങ്ങൾ ലഭിച്ചവർക്ക് പ്രോത്സാഹന സമ്മാനം നൽകുന്നതിന് തീരുമാനിച്ചിരുന്നു. എന്നാൽ സംസ്ഥാന സ്കൂൾ കലോത്സവത്തിൽ 1, 2, 3 സ്ഥാനങ്ങൾ നൽകുന്നില്ലായെന്നും പകരം മികവിന്റെ അടിസ്ഥാനത്തിൽ A, B, C ഗ്രേഡുകളാണ് നൽകിവരുന്നതെന്നും ആയതിനാൽ സ്കൂൾ കലോത്സവത്തിൽ A ഗ്രേഡ് ലഭിച്ച ദേവസ്വം ബോർഡിലെ ജീവനക്കാരുടെ മക്കൾക്ക് പ്രോത്സാഹന സമ്മാനം നൽകുന്നത് സംബന്ധിച്ച് ഉത്തരവിനായി സാംസ്ക്കാരിക പുരാവസ്തു വിഭാഗം ഡയറക്ടറുടെ റിപ്പോർട്ട് ലഭിച്ചു (പരാമർശം -2).

ടി വിഷയം ബോർഡ് പരിശോധിച്ചു.

സാംസ്ക്കാരിക പുരാവസ്തു വിഭാഗം ഡയറക്ടറുടെ ശുപാർശ പരിഗണിച്ച് സ്കൂൾ കലോത്സവത്തിൽ A ഗ്രേഡ് ലഭിച്ച ദേവസ്വം ബോർഡിലെ ജീവനക്കാരുടെ മക്കൾക്കും പ്രോത്സാഹന സമ്മാനം നൽകുന്നതിന് ബോർഡ് ഉത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി
(ഒപ്പ്)
സെക്രട്ടറി

പകർപ്പ് :-

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
2. ബഹു: പ്രസിഡന്റിന്റെ പേഴ്സണൽ സെക്രട്ടറി
3. ബഹു: മെമ്പറുടെ പേഴ്സണൽ സെക്രട്ടറി
4. സെക്ഷൻ ഫയൽ
5. ഫയൽ ബുക്ക്
6. ഫെയർ ആഫീസ് കോപ്പി.

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി